(എ) കൊല്ലം ജില്ലയിൽ പുയപ്പള്ളി പോലീസ്സ്റ്റേഷൻ അതിർത്തിയിൽ മുട്ടറ ഗവൺമെൻറ് എച്ച്.എസ്. വിദ്യാർത്ഥി അമൽദേവിനെ തട്ടിക്കൊണ്ട് പോകുവാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കുട്ടിയുടെ പിതാവ് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആരെയെങ്കിലും അറസ്റ്റുചെയ്തിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തിവരികയാണ്. വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) തന്റെ മകൻ അമൽദേവിനെ 30-11-99-ന് വൈകുന്നേരം വെളളമാരുതിവാനിൽ വന്ന ചിലർ തട്ടികൊണ്ടുപോകാൻ ശ്രമിച്ചു എന്ന ശ്രീ. ദേവരാജന്റെ പരാതി, പുയപ്പള്ളി പോലീസ്സ്റ്റേഷനിൽ ക്രൈം നമ്പർ, 369/99/യു/എസ് 365,34 ഐ.പി.സി. പ്രകാരം രജിസ്റ്റർചെയ്ത് ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

54 (1649) യാക്കൂബിനെ ഭീഷണിപ്പെടുത്തിയ സംഭവം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധിപ്രകാരം മ്യൂസിയം ഈസ്റ്റ് ഗേറ്റിൽ ബങ്ക് കട നടത്തുന്ന എം.എം. യാക്കൂബിനെ സമീപത്തുള്ള അനധികൃത കച്ചവടക്കാർ ശല്യപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നതായി ഗവൺമെന്റിന് പരാതികിട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടിയെടുക്കുകയോ ഇതു സംബന്ധിച്ചു പരാതിക്കാർന് മറുപടികൊടുക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ബങ്കുകടക്കാരൻ മ്യൂസിയം പോലീസിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നിയമാനുസരണം പ്രവർത്തിച്ചിരുന്ന 407-ാം നമ്പർ ബങ്കിലുണ്ടായിരുന്ന സാധനങ്ങളെല്ലാം 22/11/94-ന് പൊളിച്ചെടുത്ത് മ്യൂസിയം പോലീസ് കൊണ്ടുപോയിട്ടുണ്ടോ;

(ഇ) സർക്കാർ സ്ഥലത്ത് അനധികൃത കച്ചവടം ആരംഭിക്കാൻ ആരെങ്കിലും ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരാതിയെപ്പറ്റി പോലീസ് ഡയറക്ടർ ജനറലിനെക്കൊണ്ട് അന്വേഷണം നടത്തി മറ്റു കച്ചവടക്കാരെ വിളിച്ചുവരുത്തി പരാതിക്കാരനെതിരെ യാതൊരു തരത്തിലുള്ള ശല്യങ്ങൾ ഉണ്ടാക്കരുതെന്ന് താക്കീതു ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വിവരം പരാതിക്കാരനെ വാക്കാൽ അറിയിച്ചിട്ടുള്ളതുമാണ്.

(സി) ഉണ്ട്. പരാതിയനുസരിച്ച് ബന്ധപ്പെട്ട റവന്യൂ അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ അധികാരികൾ മ്യൂസിയം ഭാഗത്തുള്ള തട്ടുകടകൾ പൊളിച്ചുമാറ്റിയിട്ടുള്ളതുമാണ്.

(ഡി) റവന്യൂ അധികാരികളും പി.എച്ച്.ഡി അധികാരികളും ചേർന്ന് സിറ്റിയിൽ അനധികൃതമായി ഫുട്പാത്തുകളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ പൊളിച്ചുമാറ്റിയതിന്റെ ഭാഗമായി ടി 407-ാം നമ്പർ ബങ്കും തഹസിൽദാറിന്റെ സാന്നിദ്ധ്യത്തിൽ പൊളിച്ചുമാറ്റുകയും പ്രസ്തുത സാധനങ്ങൾ മഹസ്സറിൽ വിവരിച്ചെടുത്തശേഷം മ്യൂസിയം സ്റ്റേഷനിൽ സൂക്ഷിക്കാനായി ഏൽപ്പിച്ച പ്രകാരം ടി സ്റ്റേഷനിൽ സൂക്ഷിച്ചുവരുന്നു.

(ഇ) ഉത്തരവാദപ്പെട്ട റവന്യൂ അധികാരികളേയും മറ്റും തക്കസമയത്ത് വിവരം അറിയിച്ചു. അവരുടെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്.

55(1650) ചാക്കോയുടെ വീട് ആക്രമിച്ച സംഭവം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി കയ്യാലത്ത് കെ.വി. ചാക്കോയുടെ വീട് 12.9.1999-ൽ ആക്രമിച്ചത് സംബന്ധിച്ച് പോലീസ് കേസ്സെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസെസ്സടുത്തത്;

(സി) പ്രതികളെ അറസ്റ്റ് ചെയ്തുവോ;

(ഡി) ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള കാലതാമസം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഇ) അന്നേദിവസം വീട് കടന്നാക്രമിച്ചതിന് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്; അതിൽ എത്ര പ്രതികൾ ഉണ്ട്;

(എഫ്) ഇവരിൽ എത്രപേരെ അറസ്റ്റുചെയ്തു എന്ന് വ്യക്തമാക്കുമോ;

(ജി) പ്രതികളെ എല്ലാം അറസ്റ്റ് ചെയ്യുന്നതിനും നിയമനടപടികൾ ത്വരിതപ്പെടുത്തുന്നതിനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 165/99

(ബി) സെക്ഷൻ 143,147,148,149,448,427,506 (11) ഐ.പി.സി. പ്രകാരം മനോജ്, സുഭാഷ്, സാബു, വർഗ്ഗീസ്, സുജു, അജി, ജോജി തോമസ്, സാബു, ജോസ്, വിൽസൺ, ജോസഫ്, അജിത്കുമാർ എന്നീ 12 പേർക്കെതിരെയാണ് കെസ്സെടുത്തിട്ടുള്ളത്.

(സി)&(ഡി) അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly